# ഇ-പഠന കേന്ദ്രം
## കേരള കാർഷിക സർവ്വകലാശാല

ഐ.ടി.-ബി.ടി.കോംപ്ലക്സ്
കെഎയു, വെള്ളാനിക്കര
തൃശൂർ , കേരള –680656

No: CeL/549/2024 തിയ്യതി: 03 മെയ് 2024

KAU MOOC

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ ലേണിംഗ് അഥവാ ഇ-പഠന കേന്ദ്രം വഴി "സമ്പന്ന മാലിന്യം" എന്ന വിഷയത്തിൽ സൗജന്യ മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ആരംഭിക്കുന്നു. മെയ് 27, 2024 തീയതി ആരംഭിക്കുന്ന ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം മെയ് 26, 2024 ആണ്.

ഇരുപത്തിനാല് ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കോഴ്സ് പൂർത്തീകരിക്കുമ്പോൾ ഇ-പഠന കേന്ദ്രം നടത്തുന്ന പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ഒരു നിശ്ചിത തുക അടയ്ക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.

കോഴ്സിൽ രജിസ്റ്റർ ചെയ്യുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കുക. *(ഒറ്റത്തവണ രജിസ്ട്രേഷൻ ആയതിനാൽ മുൻപ് രജിസ്റ്റർ ചെയ്ത പഠിതാക്കൾ വീണ്ടും രജിസ്ട്രേഷൻ ചെയ്യേണ്ടതില്ല. അവർ താഴെ കാണുന്ന 4 മുതൽ 7 വരെയുള്ള നിർദേശങ്ങൾ മാത്രം പാലിച്ചാൽ മതിയാകും)*

1) www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) തുടർന്നു കാണുന്ന പേജിൽ വലത് വശത്തായി കാണുന്ന "രജിസ്റ്റർ" എന്ന ബട്ടൺ അമർത്തി രജിസ്ട്രേഷൻ പേജിൽ കയറുക.

3) ഈ പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി "രജിസ്റ്റർ" ബട്ടൺ അമർത്തുക.

*(ഇപ്പോൾ നിങ്ങൾ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു. ഇനി കോഴ്സ് രജിസ്ട്രേഷൻ കൂടി പൂർത്തിയാക്കേണ്ടതുണ്ട്. അതിനായി താഴെ കാണുന്ന 4 മുതൽ 6 വരെയുള്ള നിർദേശങ്ങൾ പാലിക്കുക.)*

4) പൂമുഖം പേജിലുള്ള (Home Page) "പ്രവേശനം" എന്ന ബട്ടൺ വഴി നിങ്ങളുടെ യൂസർ ഐ.ഡി. യും പാസ്സ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.

5) ശേഷം 'പുതിയ കോഴ്സുകൾ' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് "സമ്പന്ന മാലിന്യം" എന്ന കോഴ്സ് തുറക്കുക.

6) തുടർന്ന് 'അംഗത്വം നേടുക' എന്ന ലിങ്കി ക്ലിക്ക് ചെയ്യുക. (ഇപ്പോൾ നിങ്ങൾ പുതിയ കോഴ്സിൽ ചേർന്നിരിക്കുന്നു).

7) കോഴ്സ് ആരംഭിക്കുന്ന ദിവസം മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

"സമ്പന്ന മാലിന്യം" എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്ക് (MOOC)
ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന ഇമെയിൽ വഴി ബന്ധപ്പെടുക. സംശയ നിവാരണങ്ങൾക്കായി 0487-2438567, 9497353389, 8547837256 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

sd/- sd/-
ഇൻസ്റ്റിറ്റ്യൂഷണൽ കോർഡിനേറ്റർ ഡയറക്ടർ